# വിശ്വാസത്തിന്റെ വാതിലിലൂടെ വിശ്വാസവർഷത്തിലേക്ക്

**ഫാ.ജോർജ് ദാനവേലിൽ**

വിശ്വാസവർഷാചരണത്തിലൂടെ സഭ ലക്ഷ്യം വയ്ക്കുന്നത് എന്താണ് എന്നു വിശദീകരിച്ചുകൊണ്ട് പരിശുദ്ധപിതാവ് ബനഡിക്ട് 16-ാമൻ മാർപ്പാപ്പ നല്കിയ അപ്പസ്തോലിക ലേഖനമാണ് 'വിശ്വാസത്തിന്റെ വാതിൽ' (*Porta fidei*). 15 ഖണ്ഡികകളിലായി 5199 വാക്കുകൾ മാത്രമുള്ള ഈ അപ്പസ്തോലിക ലേഖനത്തിന്റെ ഉള്ളടക്കം വിശ്വാസവർഷത്തിലേക്കു പ്രവേശിക്കും മുൻപു നാം ശരിയായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.

നമ്മെ ദൈവവുമായുള്ള സംസർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്ന വിശ്വാസത്തിന്റെ വാതിൽ (അപ്പ. 14,27) നമ്മുടെ മുമ്പിൽ എപ്പോഴും തുറന്നു കിടക്കുന്നു എന്ന തികച്ചും പ്രസാദാത്മകമായ പ്രസ്താവനയുമായിട്ടാണ് മാർപാപ്പ തന്റെ അപ്പസ്തോലിക ലേഖനം ആരംഭിക്കുന്നത്. ദൈവവചനം പ്രഘോഷിക്കപ്പെടുകയും പരിവർത്തനപ്പെടുത്തുന്ന കൃപാവരത്താൽ രൂപീകൃതമാകാൻ ഹൃദയം സ്വയം അനുവദിക്കുകയും ചെയ്യുമ്പോൾ നമുക്കും ആ വാതിലിലൂടെ പ്രവേശിക്കാൻ സാധിക്കുന്നു (വിശ്വാസത്തിന്റെ വാതിൽ 1). ഇന്ന് അനേകരെ ബാധിച്ചിരിക്കുന്ന വിശ്വാസപ്രതിസന്ധിയെ ചൂണ്ടികാണിച്ചുകൊണ്ടു വിശ്വാസവർഷം പ്രഖ്യാപിക്കാനിടയായ പശ്ചാത്തലം വിവരിക്കുകയും (വിശ്വാസത്തിന്റെ വാതിൽ 3-5). രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ എല്ലാവരും ശരിയായി വായിച്ചു മനസ്സിലാക്കണം എന്ന ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ഉപ്പിന് ഉറയില്ലാതാവുകയെന്നതും വിളക്ക് മറച്ചു വയ്ക്കുകയെന്നതും (മത്താ. 5,13-16) നമുക്ക് അംഗീകരിക്കാനാവില്ല എന്ന് ഓർമ്മിപ്പിക്കുന്ന മാർപാപ്പ വിശ്വാസം പ്രഘോഷിക്കാനുള്ളതാണ് എന്നു നമ്മെ അനുസ്മരിപ്പിക്കുന്നു. സുവിശേഷത്തിലെ സമരിയാക്കാരിയെപ്പോലെ ഈശോയെ ശ്രവിക്കാൻ കിണറിന്റെ അടുത്തേക്കു പോകാനുള്ള ആഹ്വാനമാണ് (യോഹ. 4,1-25) അപ്പസ്തോലിക ലേഖനം നമുക്കു നല്കുന്നത്. സഭ വിശ്വസ്തതാപൂർവ്വം കൈമാറിത്തരുന്ന ദൈവവചനവും ഈശോ ശിഷ്യൻമാർക്കു ഭക്ഷണമായി നല്കിയ ജീവന്റെ അപ്പവും ഭക്ഷിക്കുവാനുള്ള ഒരു അഭിരുചി വിശ്വാസവർഷത്തിൽ നാം വളർത്തണമെന്നാണു മാർപാപ്പ ആവശ്യപ്പെടുന്നത്. 'ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകാൻ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്' (യോഹ. 6,28) എന്നു ചോദിച്ച തന്റെ ശ്രോതാക്കളോട് ഈശോ പറഞ്ഞത്, 'അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക' (യോഹ. 6,29)

എന്നാണ്. ഇന്നും രക്ഷയിൽ എത്തിച്ചേരാനുള്ള ഏറ്റവും സുനിശ്ചിതമായ വഴി ഈശോയിൽ വിശ്വസിക്കുക എന്നതാണെന്ന് അപ്പസ്തോലിക ലേഖനം പഠിപ്പിക്കുന്നു.

ഈശോയോടുള്ള സ്നേഹമാണു സുവിശേഷവത്ക്കരണത്തിനുള്ള പ്രചോദനം. ഈശോ തന്റെ സ്നേഹത്തിലൂടെ എല്ലാവരേയും തന്നിലേയ്ക്ക് ആകർഷിക്കുന്നു. നവസുവിശേഷവത്ക്കരണത്തിനുള്ള കൂടുതൽ ശക്തമായ സഭാത്മക സമർപ്പണമാണ് ഇന്ന് ആവശ്യമായിരിക്കുന്നത്. വിശ്വാസം സ്വീകരിക്കപ്പെട്ട സ്നേഹത്തിന്റെ അനുഭവമായി ജീവിക്കണം. കൃപയുടെയും സന്തോഷത്തിന്റെയും അനുഭവമായി കൈമാറണം. അങ്ങനെ ചെയ്യുമ്പോൾ വിശ്വാസം നമ്മിൽ വളരുകയും വിശ്വാസത്തിനു ജീവദായകമായ സാക്ഷ്യം വഹിക്കാൻ നമ്മെ ശക്തരാക്കുകയും ചെയ്യും (വിശ്വാസത്തിന്റെ വാതിൽ 7).

വിശ്വാസവർഷത്തിൽ വിശ്വാസമെന്ന അമൂല്യദാനത്തെക്കുറിച്ച് എല്ലാവരും ഓർമ്മിക്കണമെന്നും വിശ്വാസത്തെക്കുറിച്ചുള്ള ധ്യാനം തീവ്രതരമാക്കണമെന്നും മാർപാപ്പ ആഗ്രഹിക്കുന്നു (വിശ്വാസത്തിന്റെ വാതിൽ 8). വിശ്വാസപ്രമാണം പരസ്യമായി ഏറ്റുചൊല്ലാൻ സന്യാസസമൂഹങ്ങളും ഇടവകസമൂഹങ്ങളും സഭാത്മകസംഘങ്ങളും ഒരു മാർഗ്ഗം കണ്ടുപിടിക്കാൻ മാർപാപ്പാ ആവശ്യപ്പെടുന്നു. 'വിശുദ്ധകുർബ്ബാന സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യമാണെന്നും അവളുടെ സർവ്വശക്തിയും പ്രവഹിക്കുന്ന ഉറവിടമാണെന്നുള്ള' കൗൺസിൽ പ്രബോധനം ഓർമ്മിപ്പിച്ചുകൊണ്ടു വിശുദ്ധകുർബാനയിലെ വിശ്വാസത്തിന്റെ ആഘോഷം കൂടുതൽ തീവ്രമാക്കണമെന്നും മാർപാപ്പാ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസപ്രമാണത്തിന്റെ കൈമാറ്റം സംബന്ധിച്ച വി.അഗസ്തിനോസിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് വിശ്വാസപ്രമാണം മനഃപാഠമാക്കി ഏറ്റുപറയുന്നതിന്റെ ആവശ്യകതയും പ്രയോജനവും വ്യക്തമാക്കുന്നു (വിശ്വാസത്തിന്റെ വാതിൽ 9).

വിശ്വസിക്കുക എന്നത് ഒരു സ്വകാര്യകർമ്മമല്ല, അതു പരസ്യമായ സാക്ഷ്യത്തെയും സമർപ്പണത്തെയും ഉൾക്കൊള്ളുന്നു. കർത്താവിനോടൊപ്പം നില്ക്കാൻ തീരുമാനിക്കലാണ് വിശ്വാസം. അങ്ങനെ നില്ക്കുന്നത് അവിടുത്തോടുകൂടെ ജിവിക്കാനാണ് (വിശ്വാസത്തിന്റെ വാതിൽ 10). വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ വ്യക്തിപരവും അതേസമയം സാമൂഹികവുമാണ്. സഭയാണ് വിശ്വാസത്തിന്റെ പ്രാഥമിക കർത്തൃത്വം വഹിക്കുന്നത്. അതിനാൽ അതു സഭാത്മകവുമാണ്. ഒരാൾ വിശ്വാസം ഏറ്റുപറയുമ്പോൾ അതിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള അറിവ് വളരെ പ്രധാനപ്പെട്ടതാണ്. സഭ

നിർദ്ദേശിക്കുന്നതിനോട് ബുദ്ധി കൊണ്ടും മനസുകൊണ്ടും പൂർണ്ണമായി കൂടിച്ചേരാൻ ഈ അറിവു സഹായിക്കുന്നു.

വിശ്വാസത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള സമഗ്രമായ അറിവു കത്തോസിക്കാസഭയുടെ മതബോധനഗ്രന്ഥം നമുക്കു നല്കുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ വിശ്വാസത്തിന്റെ ഉള്ളടക്കത്തിന്റെ ക്രമവത്കൃതവും സുസംഘടിതവുമായ സംഗ്രഹം നല്കിയിട്ടുണ്ട്. അതു വീണ്ടും കണ്ടെത്താനും പഠിക്കാനുമുള്ള സംഘടിതശ്രമം വിശ്വാസവർഷത്തിൽ ഉണ്ടാകണമെന്നാണ് മാർപാപ്പ ആഗ്രഹിക്കുന്നത് (വിശ്വാസത്തിന്റെ വാതിൽ 11-12)

വിശ്വാസവർഷത്തിൽ വിശ്വാസത്തിന്റെ ചരിത്രം നാം വീണ്ടും കണ്ടെത്തുകയെന്നത് പ്രധാനകാര്യമാണെന്നു മാർപാപ്പാ വ്യക്തമാക്കുന്നു. ഈ കാലഘട്ടത്തിൽ നാം ദൃഷ്ടിയുറപ്പിക്കേണ്ടത് ഈശോയിലാണ്. പരിശുദ്ധ കന്യകാമറിയം മുതൽ വിശ്വാസത്തിനു സാക്ഷ്യം വഹിച്ച് ഈ ലോകത്തിൽ ജീവിച്ചു കടന്നുപോയവരെ അനുസ്മരിക്കുന്ന മാർപാപ്പ നമ്മുടെ ജീവിത സാഹചര്യങ്ങളിലും ഈശോയ്ക്കു സാക്ഷ്യം വഹിക്കാൻ തയ്യാറാകണം എന്നു ഓർമിപ്പിക്കുന്നു. (വിശ്വാസത്തിന്റെ വാതിൽ 13).

‘വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു എന്നാൽ സ്നേഹമാണ് സർവോത്കൃഷ്ടം’ (1 കോറി 13,13) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ടു പരസ്നേഹത്തിന്റെ സാക്ഷ്യം കൂടുതൽ തീവ്രമാക്കാൻ വിശ്വാസവർഷാചരണം കാരണമാകണം മാർപാപ്പ ആഗ്രഹിക്കുന്നു. പരസ്നേഹമില്ലാത്ത വിശ്വാസം ഫലമുള്ളതല്ല, വിശ്വാസമില്ലാത്ത പരസ്നേഹം വെറും ഒരു വികാരം മാത്രമായിരിക്കും എന്നാണ് മാർപാപ്പ വിശേഷിപ്പിക്കുക. (വിശ്വാസത്തിന്റെ വാതിൽ 14).

ഇന്നു ലോകത്തിനു ഏറെ ആവശ്യമായിരിക്കുന്നതു മനസ്സും ഹൃദയവും കർത്താവിന്റെ വചനത്താൽ പ്രകാശിപ്പിക്കപ്പെട്ടവർ നല്കുന്ന വിശ്വസനീയമായ സാക്ഷ്യമാണ്. ഇവരുടെ സാക്ഷ്യത്തിനു മാത്രമെ ദൈവത്തിനു വേണ്ടിയും യഥാർത്ഥജീവനുവേണ്ടിയും അനന്തമായ ജീവനുവേണ്ടിയുമുള്ള ആഗ്രഹം അനേകരുടെ ഹൃദയത്തിൽ ജനിപ്പിക്കാൻ കഴിയുക (വിശ്വാസത്തിന്റെ വാതിൽ 15).

വിശ്വാസജീവിതം ഒരു പോരാട്ടമാണെന്ന് ഓർമ്മിപ്പിക്കുന്ന മാർപാപ്പ വി. പത്രോസ്ശ്ലീഹായുടെ വാക്കുകളിലൂടെ (1 പത്രോ. 1,6-9) പരീക്ഷകൾ അതിജീവിച്ചു കഴിയുമ്പോൾ ലഭിക്കാനിരിക്കുന്ന ആത്മാവിന്റെ രക്ഷയെക്കുറിച്ച് അനുസ്മരിപ്പിക്കുന്നു.

തിൻമയെയും മരണത്തെയും കീഴടക്കി വിജയം വരിച്ച ഈശോ വിശ്വാസത്തിന്റെ വാതിലിലൂടെ തീർത്ഥയാത്ര ചെയ്യാൻ നമുക്ക് ആത്മധൈര്യം നല്കുന്നു. അതിനാൽ നാമാരും നഷ്ടധൈര്യരാകേണ്ടതില്ല. പ്രത്യാശാപൂർവ്വം നമുക്ക് മുന്നേറാം എന്ന ആഹ്വാനത്തോടെയാണ് മാർപാപ്പാ തന്റെ അപ്പസ്തോലിക ലേഖനം അവസാനിപ്പിക്കുന്നത്.